യാലും 35,000 രൂപയേ സബ്സിഡിയായി ലഭിക്കുകയുള്ളൂ. 50,000 രൂപവീതം 20 പേർക്ക് സബ്സിഡി നൽകാൻ പത്ത് ലക്ഷം രൂപ വേണം. കഴിഞ്ഞ സാമ്പത്തിക വർഷം ലാപ്സായ തുക ഈടാക്കാൻ വ്യവസ്ഥയില്ല. ഇപ്പോൾ അഞ്ച് അപേക്ഷകളാണ് ഹൗസിംഗ് ബോർഡ് പാസ്സാക്കിയത്. പണം ഇല്ലാത്തതിനാൽ കൊടുത്തിട്ടില്ല. 50,000 രൂപയാക്കിയ ജി.ഒ. ലഭിച്ചില്ലെങ്കിൽ ഫണ്ട് ലഭിച്ചാലും 35,000 രൂപയേ ലഭിക്കുകയുള്ളൂ. ലോൺ തുക അടച്ചുതീരാറായവർക്ക് ചില പ്പോൾ സബ്സിഡി തുകയുടെ ആനുകൂല്യംതന്നെ ലഭിച്ചെന്ന് വരുകയില്ല. 35,000 രൂപ കുടിശ്ശിക തുകയേക്കാൾ കൂടുതലാണെങ്കിൽ ആ തുക മാത്രമേ സബ്സിഡിയായി ലഭിക്കുകയുള്ളൂ. ഈ പ്രശ്നത്തിൽ സർക്കാർ എത്രയും വേഗം നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, പത്രപ്രവർത്തകർക്ക് ഭവന നിർമ്മാണത്തിനായി സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന സബ്സിഡി പത്രപ്രവർത്തകർക്കുള്ള ജില്ലാതല കമ്മിറ്റി ശുപാർശ ചെയ്യുന്ന അപേക്ഷകർക്ക് അർഹത പരിശോധിച്ച് ഭവന നിർമ്മാണ ബോർഡ് വിതരണം ചെയ്തുവരുന്നു. ഇപ്രകാരം ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ അയയ്ക്കുന്ന അപേക്ഷകളിന്മേൽ മുൻഗണനാക്രമമനുസരിച്ച് ഇപ്പോൾ 35,000 രൂപവരെ പരമാവധി സബ്സിഡിയായി അനുവദിക്കുന്നു. കെട്ടിട നിർമ്മാണച്ചെലവിന്റെ 25 ശതമാനമോ പരമാവധി 35,000 രൂപയോ ഏതാണോ കുറവ് ആ തുകയാണ് സബ്സിഡിയായി നൽകുന്നത്. ഇങ്ങനെ അനുവദിക്കുന്ന തുക പത്രപ്രവർത്തകർക്ക് വായ്പ അനുവദിക്കുന്ന സ്ഥാപനത്തിൽ അടയ്ക്കുവാൻ ബാക്കിനിൽക്കുന്ന തുകയ്ക്കെതിരെ അഡ്ജസ്റ്റ് ചെയ്യുന്നതിന് നേരിട്ട് പ്രസ്തുത ധനകാര്യ സ്ഥാപനത്തിന് നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 84 പത്രപ്രവർത്തകർക്ക് സബ്സിഡി നൽകിയിട്ടുണ്ട്. ഇനി 25 അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാനുണ്ട്. 1999-2000 വർഷത്തെ ബഡ്ജറ്റിൽ 6.50 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

(4) കോട്ടയത്തെ ആർ.എസ്.പി. ഓഫീസ് തകർക്കപ്പെട്ട സംഭവം

ശ്രീ. പ്രൊഫ. എ.വി. താമരാക്ഷൻ : സർ, ശ്രീ. ബേബി ജോൺ സെക്രട്ടറിയായിട്ടുള്ള റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി കോട്ടയം ജില്ലാ കമ്മിറ്റി ഓഫീസ് ജൂലൈ മാസം 6-ാം തീയതി ഒരു പറ്റം ഗുണ്ടകൾ കടന്നുകയറി തല്ലിത്തകർത്ത ഗുരുതരമായ സംഭവം ഈ സഭയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ശ്രീ. എം.കെ. പ്രഭാകരൻ സെക്രട്ടറിയായിട്ടുള്ള ജില്ലാ കമ്മിറ്റിയാണ് കോട്ടയത്തുള്ളത്. 29 അംഗ ജില്ലാ കമ്മിറ്റിയിൽ 22 പേരും ശ്രീ. ബേബി ജോൺ സെക്രട്ടറി ആയിട്ടുള്ള പാർട്ടിയെ അനുകൂലിക്കുന്നവരായിരുന്നു. തുടർന്ന് പാർട്ടിയിൽ ഭിന്നിപ്പ് ഉണ്ടായ അവസരത്തിൽ കോട്ടയം ജില്ലാ സമ്മേളനം കൂടുകയും ശ്രീ. എം.കെ. പ്രഭാകരൻ ജില്ലാ സെക്രട്ടറിയായി ഒരു ജില്ലാ കമ്മിറ്റി നിലവിൽവരികയും ചെയ്തു. കഴിഞ്ഞ മൂന്നു മാസമായി ആ ജില്ലാ കമ്മിറ്റി ഓഫീസ് ഞങ്ങളുടെ നിയന്ത്രണത്തിലായിരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട ആഫീസുകൾ ഔദ്യോഗിക പക്ഷത്തിന്റെ കയ്യിലാണ്. പാർട്ടിയുടെ തിരുവനന്തപുരം സ്റ്റേറ്റ് കമ്മിറ്റി ഓഫീസ്, തിരുവനന്തപുരത്തെ ജില്ലാ കമ്മിറ്റി ഓഫീസ്, കൊല്ലം ജില്ലാ കമ്മിറ്റി ഓഫീസ് തുടങ്ങി പല ഓഫീസുകളും ഔദ്യോഗികപക്ഷത്തിന്റെ കയ്യിലാണ്. പാർട്ടി സഖാക്കൾ പിരിച്ച ഫണ്ട് അടക്കം 40 ലക്ഷം രൂപയോളം ബാങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നു. മേയ് മാസം 1-ാം തീയതി ശ്രീ. ബേബി ജോൺ സെക്രട്ടറിയായ പാർട്ടി നിലവിൽ വന്നതിനുശേഷം ഞങ്ങളുടെ കയ്യിലുള്ള പാർട്ടി ഓഫീസ് തുറന്നുപ്രവർത്തിക്കാനുള്ള അവസരമുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ട് ആവശ്യപ്പെട്ടിരുന്നു. ഒരു ആഫീസും കയ്യേറാൻ ആഗ്രഹിക്കുന്നില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് അംഗീകരിക്കുകയും അത്തരം ഒരു സംരംഭം ഉണ്ടാവുകയില്ല എന്ന് ഉറപ്പുനൽകുകയും ചെയ്തു. മാത്രമല്ല, കോട്ടയം ജില്ലാ ഓഫീസിലേയ്ക്ക് പോലീസോ മറ്റാരുമോ കടന്നുവരാൻ പാടില്ലായെന്നും സ്റ്റാറ്റസ്കോ മെയിന്റെൻ ചെയ്യണമെന്നുമുള്ള കോടതി ഉത്തരവും ഉണ്ടായി. കഴിഞ്ഞ മൂന്നു മാസമായി പൂർണ്ണമായും ഞങ്ങളുടെ നിയന്ത്രണത്തിലായിരുന്ന പാർട്ടി ആഫീസിൽ ജൂലൈ മാസം 6-ാം തീയതി ഷാജി ഫിലിപ്പ് എന്ന ഒരു ഔദ്യോഗിക പാർട്ടി നേതാവും മറ്റ് പത്തിരുപതോളം വാടക ഗുണ്ടകളും കടന്നുവന്ന് പാർട്ടി പതാകയും പാർട്ടി ഫണ്ട് പിരിക്കാൻ വച്ചിരുന്ന ഒരു ലക്ഷത്തിൽപ്പരം കൂപ്പണുകളും റിക്കോർഡുകളും തീയിട്ട് നശിപ്പിക്കുകയും ഫർണിച്ചർ തല്ലിത്തകർക്കുകയും ചെയ്തിരിക്കുകയാണ്. ഒരു രാഷ്ട്രീയപാർട്ടിയിൽപ്പെട്ട, രാഷ്ട്രീയം അറിയാവുന്ന പാർട്ടിപ്രവർത്തകർ ആരും ഇത്ര ഹീനമായി ചെയ്യുകയില്ല; വാടകയ്ക്ക് എടുത്ത ഗുണ്ടകളാണ് ഇതിൽ ഇടപെട്ടിരിക്കുന്നത്. ഞങ്ങൾ പോലീസിൽ അറിയിച്ചു. പോലീസ് വന്ന് രണ്ടുകൂട്ടരേയും ഇറക്കി താക്കോൽ എടുത്തുകൊണ്ട് പോയിരിക്കുകയാണ്. പോലീസ് അവർക്ക് കൂട്ടുനിൽക്കുന്ന സമീപനമാണ് അവിടെയുള്ളതെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞിരിക്കുന്നത്. ഇപ്പോഴും പാർട്ടി ഓഫീസിന് പോലീസ് ഗാർഡ് കിടക്കുകയാണ്. കഴിഞ്ഞ മൂന്നു മാസമായി ഞങ്ങളുടെ കൈവശമിരുന്ന പാർട്ടി ഓഫീസ് ഞങ്ങൾക്ക് കിട്ടാനുള്ള അവസരം ഉണ്ടാക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. നാളെ തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് കമ്മിറ്റി ഓഫീസും കൊല്ലം ജില്ലാ കമ്മിറ്റി ഓഫീസും കയ്യേറി പാർട്ടി ഓഫീസ് പിടിച്ചെടുക്കാനുള്ള സംഘട്ടനം ഉണ്ടാകുന്ന നിലയിലേയ്ക്ക് ഈ സംഭവം കൊണ്ടുപോകാൻ പാടില്ല. ഇതിൽ മറ്റൊരു ഗൂഢാലോചന ഉണ്ടെന്ന് ഞാൻ സംശയിക്കുന്നു. എൽ.ഡി.എഫ്-ൽ നിന്ന് ഞങ്ങളെ പുറത്തുകളയാൻവേണ്ടിയാണ്. ഇത്തരം ഒരു സംഭവം ഉണ്ടായിക്കഴിയുമ്പോൾ സ്വാഭാവികമായും പാർട്ടിക്ക് വിദ്വേഷമുണ്ടാകും. അതിന്റെ അടിസ്ഥാനത്തിൽ എൽ.ഡി.എഫ്-ൽനിന്ന് ഞങ്ങളെ പുറത്തുകളയാൻവേണ്ടിയുള്ള ×××× അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ ന്യായമായ തീരുമാനം എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കേരളാ കോൺഗ്രസ്സിന് ഉൾപ്പെടെ മിക്കവാറും എല്ലാ പാർട്ടികൾക്കും രണ്ടും മൂന്നും വിഭാഗങ്ങളുണ്ട്. എല്ലാപേരും കേട്ടുകൊണ്ടിരിക്കട്ടെയെന്നുവച്ചാണ് ഞാൻ ഇരുന്നത്. കോട്ടയം ഠൗണിൽ പ്രവർത്തിക്കുന്ന റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിയുടെ ജില്ലാ ഓഫീസിന്റെ കൈവശാവകാശത്തെ സംബന്ധിച്ച് ഒരു തർക്കം നിലവിലുണ്ട്. അതാണ് യാഥാർത്ഥ്യം. ഒഫിഷ്യൽ, നോൺ-ഒഫിഷ്യൽ അങ്ങനെ രണ്ട് വിഭാഗം ഉണ്ട്. രണ്ടു കൂട്ടരും ഒഫിഷ്യൽ ആണെന്നാണ് പറയുന്നത്. അതു

×××× File No.670/EB/99/Leg-ൽ സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് പിന്നെ തീരുമാനിക്കും. നിലവിലുള്ള അവസ്ഥ തുടരണമെന്ന് 31.3.1999-ന് കോടതി താൽക്കാലികമായി ഉത്തരവിടുകയും ഇരു വിഭാഗക്കാരുടേയും വാദം കേൾക്കുന്നതിനായി കേസ് 19.7.1999-ലേയ്ക്ക് മാറ്റിവയ്ക്കുകയും ചെയ്തു. 6.7.1999-ന് പാർട്ടി ആഫീസിൽവച്ച് ആർ.എസ്.പി. യിൽപ്പെട്ടവർ തമ്മിൽ തർക്കമുണ്ടായി. ഇരു വിഭാഗവും മാറിമാറി ഗുണ്ടകൾ എന്നുപറയുകയാണ്. കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ഇവരെ വിളിച്ചുവരുത്തി. കോടതി ഉത്തരവു പ്രകാരം ഇന്നത്തെ അവസ്ഥ നിലനിറുത്താമെന്ന് അവർ സമ്മതിച്ചിട്ടുണ്ട്. പോലീസ് നിഷ്പക്ഷമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തെ സംബന്ധിച്ച് കോടതിവിധി വന്നാൽ ആവശ്യമായ നടപടി സ്വീകരിക്കും. ഇപ്പോൾ സ്റ്റാറ്റസ്കോ നിലനിർത്തും.

(5) റേഷൻ കടകളിൽ വിലനിലവാരം പ്രദർശിപ്പിക്കണമെന്ന ആവശ്യം

ശ്രീ. ജോസ് ബേബി : സർ, കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കിയതിന്റെ ഭാഗമായി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്കും റേഷൻ സാധനങ്ങൾ വാങ്ങുന്നതിന് സംസ്ഥാനത്തൊട്ടാകെ വില നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകുന്ന റേഷൻ അരിക്ക് നിശ്ചയിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ വില വാങ്ങുന്നതായി പരാതി ഉണ്ടാകുന്നുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള റേഷൻ ഷോപ്പുകളുടെ മുന്നിൽ സാധനങ്ങളുടെ വിലനിലവാരം പ്രദർശിപ്പിക്കണമെന്ന് നിലവിൽ നിയമമുണ്ട്. നിയമം ഉണ്ടെങ്കിൽപ്പോലും ചില സ്ഥലങ്ങളിൽ അത് കർശനമായി പാലിക്കുകയോ നടപ്പിലാക്കാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല. റേഷൻ സാധനങ്ങളുടെ വില റേഷൻ കടകളുടെ മുന്നിൽ നിർബന്ധമായും പ്രദർശിപ്പിക്കാൻ ആവശ്യമായ കർശന നടപടികൾ ഉണ്ടാകണം. ആ വ്യവസ്ഥ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ വേണ്ടി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർ ആ ജോലി ചെയ്യുന്നില്ലെങ്കിൽ അവരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ എല്ലാ റേഷൻ കടകളിലും ഒരേ തരത്തിൽ വിലനിലവാരം പ്രദർശിപ്പിക്കുന്നതിന് ബോർഡുകൾ വയ്ക്കുന്നതിനാവശ്യമായ നടപടികൾ സംസ്ഥാന ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : നിലവിലുള്ള റേഷനിംഗ് ഓർഡർ അനുസരിച്ച് എല്ലാ റേഷൻ കടകളിലും സാധനങ്ങളുടെ വില എക്സിബിറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. വെറൈറ്റിയെക്കുറിച്ചുള്ള വിവരങ്ങളും പ്രദർശിപ്പിക്കേണ്ടതായിട്ടുണ്ട്; എന്നു മാത്രമല്ല ഓരോ ആഴ്ചയും റേഷൻ അലോട്ടു ചെയ്യുമ്പോൾ അതാതു സ്ഥലത്തെ പഞ്ചായത്തുകളെ സാധനങ്ങളുടെ വില, വെറൈറ്റി ഇതെല്ലാം അറിയിക്കണമെന്നും നിബന്ധനയുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ പലയിടത്തും അത് ചെയ്യുന്നില്ല. ഇതൊക്കെ സൂപ്പർവൈസ് ചെയ്യേണ്ടത് അവിടത്തെ റേഷനിംഗ് ഇൻസ്പെക്ടർമാരും ടി.എസ്.ഒ. മാരുമാണ്. അവർക്ക് ഇക്കാര്യങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ കൊടുക്കാം. ഇടയ്ക്കു സർപ്രൈസ് ഇൻസ്പെക്ഷൻ സ്കാഡിനെ അയച്ച് പരിശോധന നടത്തി എവിടെയെങ്കിലും ഇത്തരത്തിൽ ബോർഡ് പ്രദർശിപ്പിക്കാതെയുണ്ടെങ്കിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly